പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.357 15.03.2017 ൽ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി

ചോദ്യം

ശ്രീ.എ. പ്രദീപ്കുമാർ

ശ്രീ.എസ്.രാജേന്ദ്രൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ഒ. ആർ. കേളു

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിന്നും ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ നേടിയിട്ടുള്ള കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ തലത്തിൽ നിയമനം നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണ് സ്പോർട്സ് ക്വാട്ടാ നിയമനം. പദ്ധതിയുടെ ആരംഭകാലത്ത് പ്രതിവർഷം 20 കായിക താരങ്ങൾക്കാണ് ജോലി നൽകിയിരുന്നത്. ഇത് 2009 മുതൽ പ്രതിവർഷം 50 പേർക്കായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2010 മുതൽ 14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ നിയമനങ്ങൾക്ക് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.<br><br>ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്ക് കായിക താരങ്ങൾ അതിന് തൊട്ടു മുമ്പുള്ള രണ്ട് സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ആണ് നിയമനം നടത്തുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തഗത ഇനങ്ങൾക്കും 25 എണ്ണം ടീം ഇനങ്ങൾക്കുമായാണ് നീക്കി വച്ചിരിക്കുന്നത്. പ്രതിവർഷം ആകെ ഒഴിവുകളിൽ നിന്ന് രണ്ട് ഒഴിവ് വീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒഴിമ്പിക്സ് / ഏഷ്യൻ ഗെയിസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കി വച്ചിട്ടുണ്ട്. ഇപ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് സർക്കാർ കാലാകാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ഓരോ തസ്തികയിലും നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായിട്ടാണ് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകി വരുന്നത്.<br>കൂടാതെ 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കുകയും നിലവിൽ ജോലിയില്ലാത്തതുമായ കായിക താരങ്ങൾക്കും, ടീ ഇനങ്ങളിൽ സ്വർണ്ണം കരസ്ഥമാക്കിയ നിലവിൽ ജോലിയില്ലാത്ത കായിക താരങ്ങൾക്കും 24.02.2015 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം10/15/കാ.യു.വ പ്രകാരം നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതും നിയമന നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുകയുമാണ്. കൂടാതെ ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ ജോലിയില്ലാത്ത കായിക താരങ്ങൾക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |
| ബി) | സ്പോർട്സ് ക്വാട്ട നിയമനത്തിനായി 2015 ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ബി) | 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമനത്തിന് ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചുകൊണ്ട് 09.12.2015 ലെ 14652/SD 1/2012/പൊ.ഭ.വ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ നിന്നും എൻ.ഐ.സി തയ്യാറാക്കിയ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രകാരം നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷ സമർപ്പിച്ചിരിക്കുന്ന വർഷത്തിനു തൊട്ടുമുമ്പുള്ള രണ്ട് സാമ്പത്തിക വർഷത്തെ കായിക നേട്ടങ്ങൾ പരിഗണിച്ചാണ് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓൾ ഇന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം നേടുന്നതാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിയ്ക്കുന്ന മിനിമം യോഗ്യതയായി കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | കളരിപ്പയറ്റ്, മൗണ്ടനീയറിംഗ് തുടങ്ങിയ കായിക ഇനങ്ങൾക്ക് ദേശീയ മത്സരങ്ങളില്ലാത്ത സാഹചര്യത്തിൽ ടി ഇനങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത വിജ്ഞാപനം പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. അപ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന ഉദ്യോഗാർത്ഥികൾക്കായി മാന്വൽ ആയി അപേക്ഷ ക്ഷണിക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി കരട് വിജ്ഞാപനം സമർപ്പിക്കുകയും പ്രസ്തുത കരട് വിജ്ഞാപനം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ചേരുകയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>09.12.2015 ലെ 14652/SD 1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപന പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിക്കേണ്ടത് ഇതിനായി രൂപീകരിക്കുന്ന ഒരു സെൽ ആണ്. പ്രസ്തുത സെൽ രൂപീകരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. |
| (സി) | കാലാകാലങ്ങളിൽ സ്പോർട്സ് ക്വാട്ട നിയമനം നടത്താത്തത് യോഗ്യരായവർ പ്രായപരിധി കഴിഞ്ഞ് പുറത്തായി പോകാനിടയാക്കുമെന്നതിനാൽ, സ്പോർട്സ് ക്വാട്ടയിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ